# WAFY
# WAFIYYA
# PROSPECTUS
## 2024-25

**Coordination of Islamic Colleges**
HO: Wafa Campus, Pang South PO, Kolathur via, Malappuram,
PIN: 679338 Kerala, India, Email: info@wafycic.com, Web: wafycic.com

/wafyupdates

## കോർഡിനേഷൻ ഓഫ് ഇസ്ലാമിക് കോളേജസ്

ഇസ്ലാമിക ജ്ഞാനങ്ങളോട് ഭൗതിക വിദ്യകൾ സമന്വയിച്ചു നൽകുന്ന ശ്രേഷ്ഠ കോഴ്സുകളാണ് ആൺകുട്ടികൾക്കുള്ള വാഫിയും പെൺകുട്ടികൾക്കുള്ള വഫിയ്യയും. മലപ്പുറം പാങ്ങ് വഫാ കാമ്പസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കോർഡിനേഷൻ ഓഫ് ഇസ്ലാമിക് കോളേജസാണ് (സി.ഐ.സി) ഈ കോഴ്സുകൾ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പെൺകുട്ടികൾക്കുള്ള 25 വഫിയ്യ കോളേജുകളും ആൺകുട്ടികൾക്കുള്ള 37 വാഫി കോളേജുകളും ഈ ബോഡിയോട് നിലവിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുന്നു.

## INDEX


→ 04 ഗവേണിംഗ് ബോഡി
→ 04 ലക്ഷ്യങ്ങൾ
→ 05 സവിശേഷതകൾ
→ 07 വാഫി വഫിയ്യ കാമ്പസുകൾ
→ 10 പാഠ്യപദ്ധതി
→ 12 കോഴ്സ് ഘടന
→ 18 അടിസ്ഥാന സൗകര്യങ്ങൾ
→ 20 പാഠ്യേതര പ്രവർത്തനങ്ങൾ
→ 23 അലുംനി
→ 27 അഡ്മിഷൻ ഗൈഡ്ലൈൻസ് 2024
→ 28 എൻട്രൻസ് പരീക്ഷ
→ 30 പരീക്ഷാ കേന്ദ്രങ്ങൾ
→ 37 ഇ ഗൈഡ്
→ 38 പ്രധാന തിയ്യതികൾ
→ 39 അഡ്മിഷനുള്ള സ്ഥാപനങ്ങൾ


How to Use

Index ലെ ഐക്കണുകൾ ടാപ്പ് ചെയ്ത് അതത് പേജുകളിലേക്ക് എത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇ പ്രോസ്പക്ടസിലുള്ള → ഐക്കൺ ടാപ്പ് ചെയ്യുക.

## QUICK FACTS

- 24+ YEARS
- COLLEGES 60+
- 700+ STAFF
- 6000+ STUDENTS
- 5000+ ALUMNI
- ARHAM MEMBERS 35000+

## Governing Body





**പ്രസിഡന്റ്**
സയ്യിദ് സാദിഖലി
ശിഹാബ് തങ്ങൾ പാണക്കാട്

**ജനറൽ സെക്രട്ടറി**
ഹബീബുള്ള ഫൈസി പള്ളിപ്പുറം

**ട്രഷറർ**
അലി ഫൈസി തൂത

## സമീപനം

വിശ്വാസ കാര്യങ്ങളിൽ സുന്നി വിശ്വാസ ആചാര രീതികൾ പിന്തുടരുകയും ശാഫിഈ, ഹനഫീ, ഹമ്പലീ, മാലികീ എന്നീ നാലിൽ ഒരു കർമ്മ ശാസ്ത്ര മദ്ഹബ് അംഗീകരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കു മാത്രമേ സി.ഐ.സി അഫിലിയേഷൻ നൽകൂ.

## ലക്ഷ്യങ്ങൾ

- വിദ്യാഭ്യാസത്തിലൂടെ മനുഷ്യസമൂഹത്തെ ശാക്തീകരിക്കുക.
- ഇസ്ലാമിക പ്രബോധന പ്രവർത്തനങ്ങൾ കാലോചിതമായി നടത്താൻ പ്രാപ്തരായ പണ്ഡിതരെ വാർത്തെടുക്കുക.
- തലമുറകളെ ഇസ്ലാമികമായി വളർത്താനും വനിതകൾക്കിടയിൽ ഇസ്ലാമികമായ പ്രബോധനം നടത്താനും പ്രാപ്തകളായ പണ്ഡിതകളെ വാർത്തെടുക്കുക.
- മത ഭൗതിക വിദ്യകൾക്കിടയിലെ അകലം കുറച്ച് വിവിധ വിജ്ഞാന ധാരകളുടെ ആരോഗ്യകരമായ സംയോജനം സാധ്യമാക്കുക.
- ഇസ്ലാമിക വിദ്യാഭ്യാസത്തെ ലോകനിലവാരത്തിലേക്ക് ഉയർത്തുക.
- രാജ്യപുരോഗതിയും മത സമൂഹങ്ങൾക്കിടയിൽ സമാധാനപരമായ സഹവർത്തിത്വവുമുണ്ടാക്കുക.
- ധൈഷണിക വൈജ്ഞാനിക രംഗങ്ങളിൽ സ്ത്രീ സമൂഹത്തെ ഉയർത്തിക്കൊണ്ടുവരിക.
- കാരുണ്യ പാരിസ്ഥിതിക സാമൂഹിക പ്രവർത്തനങ്ങൾ നടത്തുക.



## സവിശേഷതകൾ

- മത പഠനത്തോടൊപ്പം സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് പഠനസൗകര്യം.
- ദീനീ പഠനത്തിൽ സ്പെഷലൈസേഷന് അവസരം.
- ധാർമ്മിക അന്തരീക്ഷത്തിൽ പ്രൊഫഷണൽ എൻട്രൻസ് (NEET, JEE etc) കോച്ചിംഗ്.
- ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം (CBCSS).
- ഏകീകൃത അടിസ്ഥാന സൗകര്യങ്ങൾ (With Grading and Stars).
- നിർബന്ധിത സാമൂഹിക സേവനം (CSS).
- രക്ഷിതാക്കൾക്ക് നിർബന്ധിത പാരന്റിംഗ് പരിശീലനം.
- പെൺകുട്ടികൾക്ക് ആധുനിക സുരക്ഷിത ഇസ്ലാമിക കാമ്പസുകൾ.
- ഇസ്ലാമിക ശിക്ഷണത്തിന് മുന്തിയ പരിഗണന.
- ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെ അഭിരുചി നിർണ്ണയം, ഫോക്കസ്ഡ് ട്രൈനിംഗ്.
- അറബിക്, ഇംഗ്ലീഷ് മീഡിയം (LSRWന് ഊന്നൽ).
- നിരന്തര മൂല്യനിർണയ (CE) രീതികൾ.
- ലോക നിലവാരത്തിൽ ദീനീ പഠനം.
- ഐ.ടി സാക്ഷരത, കോഡിംഗ്.
- ലൈഫ് സ്കിൽ എഡ്യൂക്കേഷൻ & ഫിനിഷിംഗ്.









## അംഗീകാരങ്ങൾ

- ഇസ്ലാമിക് യൂണിവേഴ്സിറ്റീസ് ലീഗിന്റെ നിർവാഹക സമിതി അംഗത്വം.
- വേൾഡ് മുസ്ലിം കമ്യൂണിറ്റീസ് കൗൺസിൽ (WMCC-UAE) സെക്രട്ടറിയേറ്റ് അംഗത്വം.
- ISO 9001:2015.

## സഹകരണ ധാരണകൾ (MoU)

- അൽ അസ്ഹർ യൂണിവേഴ്സിറ്റി, ഈജിപ്ത്
- കൈറോ യൂണിവേഴ്സിറ്റി (ദാറുൽ ഉലൂം)
- ALECSO (അറബ് ലീഗ്)
- അറബി ഭാഷാ പഠന കേന്ദ്രം ഡയറക്ടറേറ്റ് അംഗത്വം (ICESCO-മൊറോക്കോ)
- മജ്മഉല്ലുഗൽ അറബിയ്യ
- മതകാര്യ മന്ത്രാലയം, ഈജിപ്ത്
- അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റി
- ഹംദർദ് യൂണിവേഴ്സിറ്റി
- NCPUL (Govt. of India)

→ Video Brochure

## വാഫി വഫിയ്യ കാമ്പസുകൾ

ഇസ്ലാമിക മാനവിക വിദ്യകളുടെ സമന്വയത്തിലൂടെ ആധുനിക ലോകത്തിനു ബൗദ്ധിക, ഭൗതിക പുരോഗതികളുടെ അടിത്തറയിട്ടു കൊടുത്ത പൂർവ്വികരുടെ പ്രതാപം വീണ്ടെടുക്കാൻ വാഫി വഫിയ്യ സവിനയം ശ്രമിക്കുന്നു. 2016 ൽ പ്രവർത്തനമാരംഭിച്ച കാളികാവ് വാഫി കാമ്പസും, പാങ്ങ് വഫാ കാമ്പസും, വടകര-തിരുവള്ളൂർ മാലിക് ദീനാർ വാഫി കാമ്പസും, പെരുമുണ്ടച്ചേരി വരക്കൽ മുല്ലക്കോയ തങ്ങൾ വാഫി കോളേജും ഈ വഴിക്കുള്ള വിനീത വിജയങ്ങളാണ്. പെരുമുണ്ടച്ചേരിയിൽ ചേലക്കാട് ഉസ്താദ് സ്മാരക വഫിയ്യ കോളേജിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.













## സ്ത്രീ വിദ്യാഭ്യാസം

ദീനീ അന്തരീക്ഷത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അഭാവത്തിൽ പ്രതിസന്ധിയിലായ  പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനു ഒരു വിനീത പരിഹാരമാണ് വഫിയ്യ. ഉത്തമ കുടുംബിനിയെയും വിചക്ഷണയായ അധ്യാപികയെയും സമർപ്പിതയായ പ്രബോധകയെയും സൃഷ്ടിക്കാൻ ഈ പദ്ധതി ശ്രമിക്കുന്നു. ദീനീ അന്തരീക്ഷവും ആധുനികതയും ലാളിത്യവും കൈകോർക്കുന്ന  വഫിയ്യ കാമ്പസുകൾ സ്ത്രീ പാണ്ഡിത്യത്തിന് അടിത്തറയിടുന്ന കേന്ദ്രങ്ങളാണ്. മത ഭൗതിക സമന്വയത്തിലൂടെ വിശാല വീക്ഷണവും സ്വത്വബോധവും ഈ കാമ്പസുകൾ പകർന്നു നൽകുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസവും, മികച്ച ഭൗതിക സൗകര്യങ്ങളും ഒരുക്കുന്നു.








## വാഫി വഫിയ്യ ആർട്സ്

ഭൗതിക വിദ്യക്ക് ഊന്നൽ നൽകുന്ന ഭൗതിക - മത സമന്വയ കോഴ്സുകളാണ് വാഫി വഫിയ്യ ആർട്സ്. പ്ലസ്ടുവും ഡിഗ്രിയും കൂടെ ലളിത ഇസ്ലാമിക ബിരുദവും നേടാൻ സാധിക്കുന്നു. ഡേ/ റസിഡൻഷ്യൽ രീതികളുണ്ടാകും. ആൺ കുട്ടികൾക്ക് പാന്റ്സും ഷർട്ടും പെൺകുട്ടികൾക്ക് പർദ്ദ, മഫ്ത അല്ലെങ്കിൽ ചുരിദാർ, ക്ലോസ്ഡ് ടോപുമാണ് യൂണിഫോം.

## വാഫി വഫിയ്യ പ്രൊഫഷണൽ

ഇസ്ലാമിക ചിന്ത, മാനവിക-ധർമ്മ പാഠങ്ങൾ എന്നിവകളിലൂന്നുന്ന പ്രത്യേകം തയ്യാറാക്കിയ വാഫി വഫിയ്യ സിലബസിനോടൊപ്പം പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷകൾക്കുള്ള കോച്ചിംഗ് നൽകുന്ന ഭൗതിക മത സമന്വിത കോഴ്സാണ് വാഫി വഫിയ്യ പ്രൊഫഷണൽ. പ്രൊഫഷണൽ മോഡിൽ പ്ലസ്ടു ഘട്ടത്തിൽ ഒരു ദിവസം 45 മിനുറ്റിന്റെ 2 പിരീഡും ഒരു മണിക്കൂറിന്റെ 6 പിരീഡുകളുമുണ്ടായിരിക്കും. ഈ മോഡിലൂടെ തംഹീദിയ്യ (+2) പൂർത്തിയാക്കുന്നവർക്ക് വാഫി, വഫിയ്യ ആലിയ (ഡിഗ്രി) പഠന സൗകര്യമൊരുക്കും. മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ സ്ഥാപനങ്ങളിലും മറ്റും അഡ്മിഷൻ ലഭിക്കുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി ഡിസ്റ്റൻസായി പഠിക്കാനുള്ള അവസരം ഏർപ്പെടുത്തും. താൽപര്യമുള്ളവർക്ക് തംഹീദിയ്യക്ക് (+2) ശേഷം ഒരു വർഷം കൂടി എൻട്രൻസ് പരീക്ഷകൾക്കുള്ള കോച്ചിംഗിന് ആവർത്തന (Repeat) കാലയളവ് നൽകുന്നതാണ്. കോമൺ എൻട്രൻസ് പരീക്ഷക്ക് പുറമെ പ്രത്യേക ടെസ്റ്റിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലായിരിക്കും ഈ കോഴ്സിലേക്കുള്ള പ്രവേശനം.









→ Wafy Wafiyya Arts

## അച്ചടക്കം

വാഫി വഫിയ്യ കോഴ്സുകൾ ദീനീ പഠനത്തിനും ശിക്ഷണത്തിനും മുൻഗണന നൽകുന്നു. വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ദീനീ ചിട്ടകൾ നിർബന്ധമായും പാലിക്കേണ്ടതാണ്. മാന്യമായ ദീനീ വസ്ത്ര ധാരണ രീതികൾ പിന്തുടരേണ്ടതാണ്. അച്ചടക്കം ലംഘിക്കുകയോ കോളേജിന്റെ/ സി.ഐ.സിയുടെ വീക്ഷണത്തിൽ പഠനത്തിൽ ശ്രദ്ധ കുറക്കുന്ന ഏതെങ്കിലും കാര്യങ്ങളിലും ബന്ധങ്ങളിലും ഏർപ്പെടുകയോ സ്വീകാര്യമായ കാരണം കൂടാതെ ഇടക്ക് വെച്ച് പഠനം നിറുത്തുകയോ വിദ്യാർത്ഥി വിദ്യാർത്ഥിനികളോ അവരുടെ രക്ഷിതാക്കളോ സി.ഐ.സിയുടെ/ കോളേജിന്റെ നിയമങ്ങൾ ലംഘിക്കുകയോ ചെയ്യുന്ന പക്ഷം അച്ചടക്ക നടപടികൾ ഉണ്ടാകുന്നതാണ് (ഇക്കാര്യത്തിൽ വിശദമായ സത്യവാങ്മൂലം സ്ഥാപനത്തിനു ഒപ്പിട്ടു നൽകേണ്ടതാണ്). അതിനെ തുടർന്നുണ്ടാകുന്ന സാമ്പത്തികമോ വിദ്യാഭ്യാസപരമോ സാമൂഹികമോ ആയ യാതൊരു നഷ്ടങ്ങൾക്കും സി.ഐ.സിയോ അഫിലിയേറ്റഡ് സ്ഥാപനങ്ങളോ ഉത്തരവാദിയാകുന്നതല്ല.



## പാഠ്യപദ്ധതി

ലോകോത്തര ഇസ്‌ലാമിക സർവകലാശാലകളുടെ പാഠ്യപദ്ധതികളോട് സമാനത പുലർത്തുന്നതാണ് വാഫി വഫിയ്യ പാഠ്യപദ്ധതി. ഇന്ത്യയിലെ ഇസ്‌ലാമിക കലാലയങ്ങൾ പിന്തുടർന്നുവരുന്ന പരമ്പരാഗത നിസാമിയ്യ സിലബസ് പരിഷ്കരിച്ചാണ് ഇത് സംവിധാനിച്ചിട്ടുള്ളത്. പുറമെ യു.ജി.സി അംഗീകരിക്കുന്ന യൂണിവേഴ്സിറ്റികളുടെ കോഴ്സുകൾ (സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ്) പാഠ്യപദ്ധതിയുടെ അവിഭാജ്യ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. പഴമയും പുതുമയും ഇവിടെ ആരോഗ്യകരമായി കൈകോർക്കുന്നു. വിമർശനാത്മക ചിന്ത (Critical Thinking) ക്കും ലോജിക്കൽ റീസണിങ്ങിനും കൂടുതൽ പ്രാധാന്യം നൽകുന്നു. ആധുനിക ബോധന ശാസ്ത്ര രീതികളും (Pedagogy) രീതി ശാസ്ത്രങ്ങളും (Methodology) പിന്തുടരുന്ന ലക്ഷണമൊത്ത ലോകനിലവാരത്തിലുള്ള സിലബസാണിത്.





## ഘടന

തംഹീദിയ്യ (പ്രിപ്പറേറ്ററി) ഘട്ടം (രണ്ടു വർഷം) ഏകദേശം പൂർണ്ണമായി ഭാഷാപഠനത്തിനു മാറ്റി വെക്കുന്നു കേൾവി, സംസാരം, വായന, എഴുത്ത് (LSRW) എന്നീ ഭാഷാ ശേഷികൾ വികസിപ്പിക്കുന്നതിലായിരിക്കും ഈ ഘട്ടത്തിൽ ഊന്നൽ. അതിനു വേണ്ടി സ്മാർട്ട് ക്ലാസ് റൂമുകളും ഓഡിയോ വിഷ്വൽ ലാബും ബാലസാഹിത്യ ലൈബ്രറിയും വിപുലമായി ഉപയോഗിക്കുന്നു. ഫീൽഡ് സ്റ്റഡി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. ഗ്രന്ഥവിഷയ പഠനത്തിനു ഭാഷ സൃഷ്ടിക്കുന്ന തടസ്സം നീക്കുന്നതാണ് ഈ പുതിയ രീതി. ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് മുഖേന പഠിതാക്കളുടെ അഭിരുചികൾ (Aptitude) തിരിച്ചറിഞ്ഞായിരിക്കും പാഠ്യേതര പരിശീലനങ്ങൾ നൽകുന്നത്. എഴുത്തും പ്രസംഗവും മാത്രമല്ല നേതൃപരിശീലനം, ആശയ വിനിമയ ശേഷി വികസനം, സർഗാത്മക ശേഷികൾ, മനഃശാസ്ത്രാഭിമുഖ്യം തുടങ്ങിയ പ്രയോജനകരമായ മറ്റു ശേഷികളും ശ്രദ്ധാ പൂർവ്വം ഈ ഘട്ടത്തിൽ പരിപോഷിപ്പിക്കുന്നു.

അദ്ധ്യാത്മിക ധർമ്മ പാഠങ്ങൾ ഭാഷാ ശേഷികളുടെ വികസനത്തിന് ഉപയോഗിക്കുന്ന മാധ്യമങ്ങളിലൂടെ സോദ്ദേശ്യം നൽകുന്നു. ആരാധനാവിധികളും മറ്റു അത്യാവശ്യ നിയമങ്ങളും (ഫിഖ്ഹ്) പ്രായോഗികമായി പഠിപ്പിക്കുന്നു. യുഎൻ ലിസ്റ്റ് ചെയ്ത ലൈഫ് സ്കിൽ പരിശീലനങ്ങളും നൽകും. ആലിയ ഘട്ടം 6 ട്രാക്കുകളായി വിഭജിച്ചിരിക്കുന്നു. അവയെ അടിസ്ഥാനപ്പെടുത്തിയാണ് PG ഘട്ടത്തിലെ ഓപ്ഷനുകൾ രൂപപ്പെടുത്തിയിട്ടുള്ളത്. അവ സ്വതന്ത്രമായ ഇസ്ലാമിക പഠനത്തിന്റെ സ്തംഭങ്ങളാണ്. ധാരാളം അറിവുകൾ ഈ ഘട്ടത്തിൽ ശേഖരിക്കാനാകുന്നു. (അവയുടെ വിശദ പഠനം പി.ജി ഘട്ടത്തിലാണ് നടക്കുക). പിജി ഘട്ടം 3 ഫാക്കൽറ്റികളും 6 ഡിപ്പാർട്ട്മെന്റുകളുമാക്കി തിരിച്ചിരിക്കുന്നു. സമഗ്രമായി രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ള ഈ ഡിപ്പാർട്ട്മെന്റുകൾ മുൻ മാതൃകകളില്ലാത്ത പുതിയ പഠന വിഷയങ്ങൾക്ക് സാധ്യത തുറക്കുന്നു. ഭാവിയിൽ അവ ഇസ്ലാമിക പഠന മേഖലക്ക് പുതിയ മാനങ്ങൾ നൽകിയേക്കാം.

## NCPUL

പഠന കാലയളവിൽ കേന്ദ്ര സർക്കാർ NCPUL ന്റെ ദ്വിവർഷ ഫങ്ഷണൽ അറബിക് കോഴ്സും ഏക വർഷ ഫങ്ഷണൽ ഉറുദു കോഴ്സും നേടാൻ സൗകര്യമുണ്ട്.

# കോഴ്സ് ഘടന

## വാഫി, വഫിയ്യ ജനറൽ

| ഘട്ടം | പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | ഭൗതിക കോഴ്സുകൾ |
| --- | --- | --- | --- | --- |
| പ്രിപ്പറേറ്ററി (തംഹീദിയ്യ) | പ്രാക്ടിക്കൽ നഹ്വ് (ഗ്രാമർ), പ്രാക്ടിക്കൽ സ്വർഫ് (മോർഫോളജി), പ്രാക്ടിക്കൽ ഫിഖ്ഹ്, LSRW (ലാംഗ്വേജ് ആപ്ലിക്കേഷൻ), ധർമ്മ പാഠങ്ങൾ, മാതൃ ഭാഷ, ഹിന്ദി, ഇംഗ്ലീഷ്, ഉറുദു. | രണ്ട് വർഷം (നാല് സെമസ്റ്റർ) | SSLC ഉപരിപഠന യോഗ്യത, മദ്രസ ഏഴാം തരം/ തത്തുല്യം | +2 (ഹ്യുമാനിറ്റീസ് / കൊമേഴ്സ്/ സയൻസ്) |
| ഡിഗ്രി (ആലിയ) | ഖുർആൻ നിദാന ശാസ്ത്രം, തഫ്സീർ, ഹദീസ്, ഹദീസ് നിദാന ശാസ്ത്രം, കർമ്മ ശാസ്ത്രം, കർമ്മ ശാസ്ത്ര നിദാന ശാസ്ത്രം, നിയമ നിർമ്മാണ ചരിത്രം, സമകാലിക പ്രത്യയശാസ്ത്രം, തർക്ക ശാസ്ത്രം, തസ്വവ്വുഫ്, മതങ്ങളും ഇസങ്ങളും, ഗ്രാമർ, അറബി സാഹിത്യ പഠനങ്ങൾ, അലങ്കാര ശാസ്ത്രം, സാഹിത്യ വിമർശനം, ചരിത്രം, റിസർച്ച് മെത്തഡോളജി, ഫങ്ഷണൽ അറബിക്, ഉർദു, മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി, ഹോംസയൻസിന്റെ അവശ്യഭാഗങ്ങൾ, ഐ.ടി സാക്ഷരത, കോഡിംഗ്, കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം, ലൈഫ് സ്കിൽ & ഫിനിഷിംഗ് | വാഫി<br>1) വാഫി ഹോണേഴ്സ്: നാല് വർഷം (എട്ട് സെമസ്റ്റർ)<br>2) വാഫി ഇന്റഗ്രേറ്റഡ്: മൂന്നു വർഷം (ആറ് സെമസ്റ്റർ)<br>*ആറ് സെമസ്റ്ററുകളിലുമായി 80% മാർക്ക് നേടുന്നവർക്ക്*<br>വഫിയ്യ<br>1) വഫിയ്യ: മൂന്ന് വർഷം (ആറ് സെമസ്റ്റർ)<br>2) വഫിയ്യ ഹോണേഴ്സ്: നാല് വർഷം (എട്ട് സെമസ്റ്റർ) | 55% മാർക്കോടെ തംഹീദിയ്യ/ തത്തുല്യം, +2 | യു.ജി.സി അംഗീകൃത യു.സിറ്റി ഡിഗ്രി (ആദ്യ മൂന്നു വർഷം) |

| ഘട്ടം | ഫാക്കൽറ്റി | ഡിപ്പാർട്ട്മെന്റ് | പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത | അനുബന്ധം |
| --- | --- | --- | --- | --- | --- | --- |
| പി.ജി (വാഫി, വഫിയ്യ) | ഉസൂലുദ്ദീൻ | കിതാബ് വ സുന്ന | ഖുർആൻ വ്യാഖ്യാനം, ഉലൂമുൽ ഖുർആൻ, ഖുർആനിന്റെ അമാനുഷികത, വ്യാഖ്യാനങ്ങളുടെ രീതി ശാസ്ത്രം, ഹദീസ്, ഹദീസ് നിദാന ശാസ്ത്രം, ഹദീസ് ടെർമിനോളജി, ഹദീസിന്റെ അമാനുഷികത, ഹദീസ് പണ്ഡിതരുടെ രീതി ശാസ്ത്രം, ഹദീസ് നിരൂപണം, സേർച്ചിംഗ്, ആരോപണങ്ങൾക്കു മറുപടി, പ്രമാണങ്ങളെ കുറിച്ചുള്ള പഠനങ്ങൾ, ഇതര ചിന്തകളുടെ വിമർശന പഠനം, ഫിഖ്ഹുൽ ഖുർആൻ, ഫിഖ്ഹുൽ ഹദീസ്, കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം. | രണ്ട് വർഷം (നാല് സെമസ്റ്റർ) | 55%മാർക്കോടെ ആലിയ ബിരുദം, യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി | മനഃശാസ്ത്രം, പ്രബോധന രീതി ശാസ്ത്രം, ടീച്ചിംഗ്, റിസർച്ച് മെത്തേഡ്സ്, ബിഹേവിയറൽ സൈക്കോളജി, (പ്രീ മാരിറ്റൽ, ഡി-അഡിക്ഷൻ), ഡിസേർട്ടേഷൻ, ലൈഫ് സ്കിൽ & ഫിനിഷിംഗ് |
| | | അഖീദ | അഖീദ, സമകാലിക പ്രത്യയശാസ്ത്രം, മത താരതമ്യ പഠനം, ചിന്തകളും ഇസങ്ങളും, തർക്കശാസ്ത്രം, തത്വ ശാസ്ത്രം, സംവാദ നിയമങ്ങൾ, ആരോപണങ്ങൾക്ക് മറുപടി, ചിന്താ പ്രസ്ഥാനങ്ങൾ, ഇസ്ലാമിക പ്രസ്ഥാനങ്ങൾ, തസ്വവ്വുഫ്, ഇതര ചിന്തകളുടെ വിമർശന പഠനം, ക്രിറ്റിക്കൽ തിങ്കിംഗ്, കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം. | | | |
| | ശരീഅഃ | കുടുംബ കർമ്മ ശാസ്ത്രം | നിയമം, വ്യക്തി നിയമം, ഫിഖ്ഹ് നിദാന ശാസ്ത്രം, ശരീഅത്തിന്റെ അന്തസത്ത, ന്യൂനപക്ഷ ഫിഖ്ഹ്, ആധുനിക പ്രശ്നങ്ങൾ, കർമ്മ ശാസ്ത്ര നിയമങ്ങൾ, കുടുംബ കർമ്മ ശാസ്ത്രം (താരതമ്യ പഠനം), ക്രിമിനൽ നിയമങ്ങൾ (താരതമ്യ പഠനം), കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം. | | | |
| | | വിനിമയ കർമ്മ ശാസ്ത്രം | വിനിമയങ്ങളുടെ കർമ്മ ശാസ്ത്രം, ഫിഖ്ഹ് നിദാന ശാസ്ത്രം, ഫിഖ്ഹ് നിയമങ്ങൾ, ശരീഅത്തിന്റെ അന്തസത്ത, ഇസ്ലാമിക സാമ്പത്തിക ശാസ്ത്രം, ഇസ്‌ലാമിക് ബാങ്കിംഗ്, ആധുനിക പ്രശ്നങ്ങൾ, വിനിമയങ്ങളുടെ കർമ്മ ശാസ്ത്രം (താരതമ്യ പഠനം), ക്രിമിനൽ നിയമങ്ങൾ (താരതമ്യ പഠനം), കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം. | | | |
| | ലാംഗ്വേജ് & കൾച്ചർ | അറബി ഭാഷ, സാഹിത്യം | സാഹിത്യ ചരിത്രം, ഗ്രാമർ, സാഹിത്യ പഠനങ്ങൾ, നിരൂപണം, വിവർത്തനം, അലങ്കാര ശാസ്ത്രം, വൃത്താലങ്കാരം, ആധുനിക സാഹിത്യ പ്രവണതകൾ, ഭാഷാ ശാസ്ത്രം, ഖുർആനിക സാഹിത്യം, ഹദീസ് സാഹിത്യം, ഫിഖ്ഹ് സാഹിത്യം, സൂഫി സാഹിത്യം, പ്രൊജക്ട്, ലിറ്റററി വർക്ക്, സ്വരശാസ്ത്രം, കാലിക ഇസ്ലാമിക വിഷയങ്ങളുടെ പഠനം | | | |
| | | ചരിത്രം | ചരിത്രത്തിന്റെ ചരിത്രം, ഇസ്‌ലാമിക്, അമവി അബ്ബാസി കാലഘട്ടങ്ങൾ, ഓട്ടോമൻ കാലം, സ്പെയിൻ ചരിത്രം, ഇസ്ലാമിക രാഷ്ട്രം, ഇന്ത്യാ ചരിത്രം, സ്വതന്ത്ര ഭരണകൂടങ്ങൾ, ഇസ്ലാമിക സംസ്കാരം, ആരോപണങ്ങൾക്കു മറുപടി, ലോക ചരിത്രം, പ്രവാചകന്മാരുടെ ചരിത്രം, കേരളത്തിലെ മുസ്‌ലിം നവോത്ഥാന നായകന്മാരെ കുറിച്ചുള്ള പഠനം, കാലിക ഇസ്‌ലാമിക വിഷയങ്ങളുടെ പഠനം. | | | |

## വാഫി, വഫിയ്യ ആർട്സ്

| ഘട്ടം | ഭൗതിക കോഴ്സുകൾ | പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത |
|---|---|---|---|---|
| പ്ലസ്ടു | പ്ലസ്ടു (ഹ്യുമാനിറ്റീസ് /കൊമേഴ്സ്/ സയൻസ്) | പ്രാക്ടിക്കൽ നഹ്‌വ് (ഗ്രാമർ), പ്രാക്ടിക്കൽ സ്വർഫ് (മോർഫോളജി), പ്രാക്ടിക്കൽ ഫിഖ്ഹ്, LSRW (ലാംഗ്വേജ് ആപ്ലിക്കേഷൻ), ധർമ്മ പാഠങ്ങൾ, മാതൃ ഭാഷ, ഹിന്ദി, ഇംഗ്ലീഷ്, ഉറുദു (പെൺകുട്ടികൾക്ക് ഐച്ഛികം). | രണ്ട് വർഷം (നാല് സെമസ്റ്റർ) | SSLC ഉപരിപഠന യോഗ്യത, മദ്രസ ഏഴാം തരം/ തത്തുല്യം |
| ഡിഗ്രി | യു.ജി.സി അംഗീകൃത യൂ.സിറ്റി ഡിഗ്രി | തഫ്സീർ,ഹദീസ്, അഖീദ, സമകാലിക പ്രത്യയശാസ്ത്രം, ചിന്താ പ്രസ്ഥാനങ്ങൾ, കർമ്മ ശാസ്ത്രം, ഫിഖ്ഹ് നിദാന ശാസ്ത്രം,ശരീഅത്തിന്റെ അന്ത:സത്ത, കുടുംബ കർമ്മ ശാസ്ത്രം, ഇസ്ലാമിക ചരിത്രം, ഫങ്ഷണൽ അറബിക്, ഉർദു & ഹിന്ദി (ആൺ കുട്ടികൾക്ക് മാത്രം), കാലിക ഇസ്ലാമിക വിഷയങ്ങളുടെ പഠനം, റിസർച്ച് മെത്തഡോളജി, ഐ.ടി, ലൈഫ് സ്കിൽ & ഫിനിഷിംഗ്, ഹോംസയൻസിന്റെ അവശ്യ ഭാഗങ്ങൾ, ഡിബേറ്റ് പരിശീലനം. | മൂന്നു വർഷം (ആറ് സെമസ്റ്റർ) * നാല് വർഷം ഹോണേഴ്സിന് സൗകര്യം | തംഹീദിയ്യ/ തത്തുല്യം, +2 |

## വാഫി, വഫിയ്യ പ്രൊഫഷണൽ

| ഘട്ടം | ഭൗതിക കോഴ്സുകൾ | പഠന വിഷയങ്ങൾ | കാലയളവ് | യോഗ്യത |
|---|---|---|---|---|
| പ്ലസ്ടു | പ്ലസ്ടു (ബയോളജി സയൻസ്+ NEET കോച്ചിംഗ്) | ധർമ്മ പാഠങ്ങൾ, കാലിക ഇസ്ലാമിക വിഷയങ്ങളുടെ പഠനം, പ്രാക്ടിക്കൽ ഫിഖ്ഹ്, അറബിക് ലാംഗ്വേജ്, LSRW (ലാംഗ്വേജ് അപ്ലിക്കേഷൻ) | രണ്ട് വർഷം (നാല് സെമസ്റ്റർ) | SSLC ഉപരിപഠന യോഗ്യത, മദ്രസ ഏഴാം തരം/ തത്തുല്യം |




→ Wafy Wafiyya Courses

## മെന്ററിംഗ്

വിദ്യാർത്ഥികൾക്കു വ്യക്തി ശ്രദ്ധയും പരിഗണനയും വലിയ അളവിൽ കിട്ടേണ്ടതുണ്ട്. കൊച്ചു ദു:ഖങ്ങളും പ്രശ്നങ്ങളും അവരുടെ പഠനത്തെ പ്രതികൂലമായി ബാധിക്കാറുണ്ടല്ലോ. ഇതിനു പരിഹാരമായി സി.ഐ.സി മെന്ററിംഗ് സിസ്റ്റം ഏർപ്പെടുത്തിയിരിക്കുന്നു. മനശ്ശാസ്ത്രപരമായ പരിചരണവും മാർഗ്ഗനിർദ്ദേശങ്ങളും വഴി മുഴുസമയ മെന്റർമാർ (മാർഗ ദർശകർ) അവരെ സഹായിക്കുന്നു.

## CBCSS & Aptitude Test

ഡിഗ്രി, പി.ജി തലങ്ങളിൽ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം (CBCSS) മാണ് സി.ഐ.സി പിന്തുടരുന്നത്. ഇതനുസരിച്ച് വിദ്യാർത്ഥിക്ക് സിലബസിനു പുറത്തുള്ള വിഷയങ്ങൾ താൽപര്യമനുസരിച്ച് ക്രെഡിറ്റുകളായി സ്വീകരിക്കാവുന്നതാണ്. പ്രിപ്പറേറ്ററി ഘട്ടത്തിലും സിലബസിന് പുറത്തുള്ള വിഷയങ്ങളും ഭാഷകളും ഓഫ് കോഴ്സായി പഠിക്കാൻ പരിമിതമായ അവസരമുണ്ട്. ഓരോ വിദ്യാർത്ഥിയുടെയും പാഠ്യേതര അഭിരുചികൾ പരിഗണിക്കപ്പെടുന്നു. പ്രത്യേകം വികസിപ്പിച്ച ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് മുഖേന പഠിതാക്കളുടെ അഭിരുചികൾ (Aptitude) തിരിച്ചറിഞ്ഞാണ് പാഠ്യേതര പരിശീലനങ്ങൾ നൽകുന്നത്.

## ഗ്രേസ് മാർക്ക്

സംസ്ഥാന വാഫി വഫിയ്യ കലാ കായികമേളകൾ, സി.ഐ.സിയോ, സി.ഐ.സിയുമായി എം.ഒ.യു ഒപ്പുവെച്ച സ്ഥാപനങ്ങളോ മറ്റു സ്ഥാപനങ്ങളോ നടത്തുന്ന അക്കാദമിക്ക് പരിപാടികൾ തുടങ്ങിയവയിലെ മികവിന് നിബന്ധനകൾക്ക് വിധേയമായി സെമസ്റ്റർ പരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകുന്നതാണ്.

## പരീക്ഷ

മത വിഷയങ്ങളിൽ പരീക്ഷകൾ സി.ഐ.സി നേരിട്ട് നടത്തുന്നു. ഓരോ ഘട്ടത്തിന്റെയും അവസാനത്തിൽ നിശ്ചിത വിഷയങ്ങളിലുള്ള കൺസോളിഡേഷൻ എക്സാം, സമൂഹത്തിലെ വ്യത്യസ്ത തുറകളിൽ നിന്നുള്ള പ്രമുഖരെ പങ്കെടുപ്പിച്ച് നടത്തുന്ന സോഷ്യൽ എക്സാം, ഓപ്പൺ ബുക്ക് എക്സാം തുടങ്ങിയ നൂതന പരീക്ഷാ രീതികൾ ഇതിനായി ഉപയോഗിക്കുന്നു. വിദ്യാർത്ഥികളെ നിരന്തരം നിരീക്ഷിച്ച് ഇന്റേണൽ മാർക്കും നൽകുന്നു. ഭൗതിക വിഷയങ്ങളിൽ പരീക്ഷകൾ നടത്തുന്നത് അതതു യൂണിവേഴ്സിറ്റികളാണ്. രജിസ്ട്രേഷൻ, പരീക്ഷകൾ തുടങ്ങിയവക്ക് നിശ്ചയിക്കപ്പെടുന്ന ഫീസുകൾ വിദ്യാർത്ഥികൾ വഹിക്കേണ്ടതാണ്.






## CE - നിരന്തര മൂല്യ നിർണയം

പഠനത്തിന്റെ കാര്യക്ഷമതക്ക് അസൈൻമെന്റ്, സെമിനാർ, രചന, റിവ്യൂ, കളക്ഷൻ, ഫീൽഡ് വർക്ക്, ഡിബേറ്റ്, ക്ലാസ് ടെസ്റ്റുകൾ, പ്രൊജക്ടുകൾ, ദഅ്‌വാ വർക്ക്ഷോപ്പുകൾ, ടീച്ചിംഗ് പ്രാക്ടീസ്, പ്രീ-പോസ്റ്റ് മാരിറ്റൽ കൗൺസിലേഴ്സ് ട്രൈനിംഗ്, ഡീഅഡിക്ഷൻ കൗൺസിലേഴ്സ് ട്രൈനിംഗ് തുടങ്ങിയ നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ചിട്ടയിൽ നടത്തുന്നു.

## ഇന്റഗ്രേറ്റഡ് പി.ജി

വാഫി ആലിയയിൽ ആദ്യത്തെ ആറു സെമസ്റ്റർ പരീക്ഷകളിൽ 80% മാർക്കോടെ വിജയിക്കുന്നവർക്ക് നിബന്ധനകളോടെ നേരിട്ട് പി.ജി പ്രവേശനം സാധ്യമാക്കുന്നതാണ് ഇന്റഗ്രേറ്റഡ് പി.ജി.



## പി.ജി ഇസ്ലാമിക് സ്റ്റഡീസ് (ഇംഗ്ലീഷ് മീഡിയം)

നിലവിലുള്ള പി.ജി ഡിപ്പാർട്ട്മെന്റുകൾക്ക് പുറമെ ഇസ്ലാമിക് സ്റ്റഡീസിൽ പി.ജി പഠനം സാധ്യമാക്കുന്ന പുതിയ ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കും. പാശ്ചാത്യ നാടുകളിലെ ഉന്നത ഇസ്ലാമിക വിദ്യാപീഠങ്ങളുമായി സഹകരിച്ച് ആഴത്തിലുള്ള പഠനങ്ങളും ഗവേഷണങ്ങളും ത്വരിതപ്പെടുത്താൻ ഇത് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. മീഡിയം ഇംഗ്ലീഷ് ആയിരിക്കും.

## ഫിനിഷിംഗ് സ്കൂൾ

കരിക്കുലത്തിന്റെ വിശാലമായ പരിധിക്കുള്ളിൽ നിന്നു കൊണ്ട് വിവിധ നൈപുണികൾ വികസിപ്പിക്കുക, അവയ്ക്കു ഫിനിഷിംഗ് നൽകുക, ഇസ്ലാമിന്റെ സൗന്ദര്യം വ്യക്തമാക്കുക, വിവിധ ചിന്താപദ്ധതികളെ സംവാദാത്മകമായി സമീപിക്കുക, വിമർശനങ്ങൾക്കു മറുപടികൾ നൽകുക തുടങ്ങിയ ലക്ഷ്യങ്ങൾക്കു വേണ്ടി ഫിനിഷിംഗ് സ്കൂൾ പ്രവർത്തിക്കുന്നു. സെമിനാറുകളും വർക്ക് ഷോപ്പുകളും ട്രെയിനിംഗ് പ്രോഗ്രാമുകളും സ്കൂളിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുന്നു.

## Students Exchange Programme (S.E.P)

വാഫി പി.ജി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥി കൈമാറ്റ പ്രോഗ്രാം (S.E.P) വഴി നിശ്ചിത കാലയളവ് സ്ഥാപനം മാറി പഠിക്കാനുള്ള അവസരമുണ്ട്. നിലവിൽ പഠിച്ചു കൊണ്ടിരിക്കുന്ന ഡിപ്പാർട്ട്മെന്റുകൾ ഉള്ള സി.ഐ.സി അഫിലിയേറ്റഡ് കോളേജുകളിലേക്കും സി.ഐ.സിയുമായി MoU ഒപ്പ് വെച്ച സിലബസിൽ സമാനത പുലർത്തുന്ന മറ്റ് സർവകലാശാലകളിലേക്കും S.E.P അനുവദിക്കുന്നതാണ്.

## സാമൂഹിക സേവനം

→ For More

സാമൂഹിക സേവന പരിചയത്തെ സി.ഐ.സി പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമായി പരിഗണിക്കുന്നു. ഡിഗ്രി തലത്തിൽ ഓരോ വിദ്യാർത്ഥിയും 192 മണിക്കൂറും വിദ്യാർത്ഥിനി 100 മണിക്കൂറും സാമൂഹിക സേവനം (CSS) നിർബന്ധമായും നിർവഹിക്കേണ്ടതുണ്ട്. കാരുണ്യ, ആരോഗ്യ, സാമൂഹിക, മതസൗഹാർദ്ദ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മതപഠന ക്ലാസ്സുകൾ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിശാലമായ മേഖലകൾ ഇതിന്റെ പരിധിയിൽ വരുന്നു.



# അടിസ്ഥാന സൗകര്യങ്ങൾ



## ലൈബ്രറി

അറബി, ഇംഗ്ലീഷ്, മലയാളം, ഉർദു, ഹിന്ദി ഭാഷകളിലായി ധാരാളം പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും ബാല സാഹിത്യങ്ങളും സിലബസുമായി ബന്ധപ്പെട്ട അധിക വായനക്കാവശ്യമായ കിതാബുകളും വ്യാഖ്യാന ഗ്രന്ഥങ്ങളും ഉപകരണങ്ങളും മറ്റും ഉൾകൊള്ളുന്ന വിശാലമായ ലൈബ്രറികൾ (പ്രിപ്പറേറ്ററി, ഡിഗ്രി, പി.ജി ഘട്ടങ്ങളിലുണ്ടായിരിക്കേണ്ട ഗ്രന്ഥങ്ങളുടെ എണ്ണം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്) സ്ഥാപനങ്ങൾ സജ്ജീകരിക്കുന്നതാണ്.



## റീഡിംഗ് റൂം

മലയാളം, ഇംഗ്ലീഷ്, അറബി, ഉറുദു, ഹിന്ദി പത്ര മാസികകളും പ്രസിദ്ധീകരണങ്ങളും മറ്റു ആധുനിക പഠന സൗകര്യങ്ങളും ഉൾകൊള്ളുന്ന റീഡിംഗ് റൂമുകൾ ഉണ്ടായിരിക്കുന്നതാണ്.



## ഓഡിറ്റോറിയം

പൊതു പരിപാടികൾ, ജനറൽ ക്ലാസുകൾ, സംവാദങ്ങൾ, പരിശീലന ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കാൻ ആധുനിക സൗകര്യങ്ങളോടു കൂടിയ ഓഡിറ്റോറിയങ്ങൾ, സ്മാർട്ട് ക്ലാസ് റൂമുകൾ ഉണ്ടായിരിക്കുന്നതാണ്.



## ലാബ്

ഐ.ടി പഠനത്തിനും ഉപയോഗത്തിനും ലാബുകൾ, ഇന്റർനെറ്റ് കണക്ഷൻ, മറ്റു ആധുനിക ഉപകരണങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## താമസം

മെച്ചപ്പെട്ട താമസ സൗകര്യങ്ങൾ, സാനിറ്ററി സൗകര്യങ്ങൾ, പെൺകുട്ടികൾക്ക് പ്രത്യേക സ്ത്രീ സൗഹൃദ ക്രമീകരണങ്ങൾ, സമീകൃതാഹാരം ലഭ്യമായിരിക്കുന്നതാണ്.

## പ്ലേ ഗ്രൗണ്ട്

വിദ്യാർത്ഥികൾക്ക് ആവശ്യമായ കായിക വിനോദങ്ങളിലേർപ്പെടാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.











## ഗ്രേഡിംഗ്

അടിസ്ഥാന സൗകര്യങ്ങൾക്കും അക്കാദമിക മികവിനും സി.ഐ.സി സ്റ്റാൻഡേർഡ് നിശ്ചയിച്ചിട്ടുണ്ട്. അത് ചെക്ക് ചെയ്യുന്നതിനു ചെക്ക് ലിസ്റ്റും ടൂൾസും ഉണ്ട്. അവ ഉപയോഗിച്ചു സ്ഥാപനങ്ങൾക്ക് A, B, 1 സ്റ്റാർ, 2 സ്റ്റാർ, 3 സ്റ്റാർ എന്നിങ്ങനെ ഗ്രേഡ് നൽകിവരുന്നു. 6 മാസത്തിലൊരിക്കൽ അക്കാദമിക് ഇൻസ്പെക്ഷനും രണ്ട് വർഷത്തിലൊരിക്കൽ ഗ്രേഡും സ്റ്റാറും നൽകുന്ന ഗ്രേഡിംഗ് ഇൻസ്പെക്ഷനും നടക്കുന്നു.

# പാഠ്യേതര പ്രവർത്തനങ്ങൾ



അറബി, ഇഗ്ലീഷ്, ഉറുദു, ഹിന്ദി, മലയാളം ഭാഷകളിലായി പ്രത്യേകം ക്ഷണിക്കപ്പെടുന്ന വിദഗ്ധരുടെ പഠന ക്ലാസുകൾ, പ്രഭാഷണ പരിശീലനം, ഡിബേറ്റുകൾ, സെമിനാറുകൾ തുടങ്ങിയവ പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കുന്നു. റിസർച്ച് മാഗസിനുകൾ, പുസ്തകങ്ങൾ, ബുള്ളറ്റിനുകൾ, ലഘുലേഖകൾ, ചുമർപത്രങ്ങൾ, സുവനീറുകൾ തുടങ്ങിയവ വിദ്യാർത്ഥികൾ പുറത്തിറക്കുന്നു. വിദ്യാർത്ഥികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനായി കോളേജുകളിൽ WSF ന്റെ മാർഗനിർദേശപ്രകാരം വിദ്യാർത്ഥി യൂണിയനുകൾ പ്രവർത്തിച്ച് വരുന്നു.



## സഹവാസ ക്യാമ്പ്

പഠിതാക്കൾക്കിടയിൽ ചിന്താപരമായ ഐക്യവും ഏകീഭാവവും വൈദഗ്ധ്യങ്ങളുടെ കൈമാറ്റവും നടക്കുന്നതിന് വേണ്ടി ഡിഗ്രി, പി.ജി തല വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സഹവാസ ക്യാമ്പുകൾ വെവ്വേറെ സംഘടിപ്പിക്കപ്പെടുന്നു.
























## കലോത്സവം

വാഫി വഫിയ്യ കുടുംബത്തിന്റെയും കലാപ്രേമികളുടെയും വാർഷികപ്പെരുന്നാളാണ് വാഫി വഫിയ്യ കലോത്സവങ്ങൾ. ഈ മാമാങ്കത്തിൽ മലയാളം, ഇംഗ്ലീഷ്, അറബിക്, ഉറുദു, ഹിന്ദി ഭാഷകളിലായി, കമ്മ്യൂണിക്കേറ്റീവ്, ക്രിയേറ്റീവ്, മാനേജ്മെന്റ്, സൈക്കോളജിക്കൽ സ്കില്ലുകളിലൂന്നിയ വിവിധ മത്സരയിനങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾ വെവ്വേറെ മാറ്റുരക്കുന്നു. കൂടാതെ വിവിധങ്ങളായ സാംസ്കാരിക പരിപാടികളും മുഴുവൻ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെയും പഠിതാക്കൾ ഒന്നിച്ച് അണിനിരക്കുന്ന അസംബ്ലി (ക്യൂ ഫോർ റ്റുമോറോ) യും കാലിക പ്രസക്തങ്ങളായ കർമ്മ ശാസ്ത്ര ചിന്താ വിഷയങ്ങളിലെ സെമിനാറുകൾ, കൾച്ചറൽ ഡയലോഗുകൾ, ഡിബേറ്റുകൾ, അർഹാം (കുടുംബ) അസംബ്ലി തുടങ്ങിയവയും നടക്കുന്നു. കലാമേളകളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളെ അവരുടെ അഭിരുചിക്കനുസരിച്ച് കമ്മ്യൂണിക്കേറ്റീവ്, ക്രിയേറ്റീവ്, മാനേജ്മെൻറ്, സൈക്കോളജിക്കൽ എന്നീ സ്കില്ലുകളിലൂന്നി നിരന്തര തുടർ പരിശീലനങ്ങൾ നൽകിവരുന്നു.

→ Fest highlights

## കായിക മേള

സംസ്ഥാനതല വാഫി കായികമേളയും കോളേജ് തല വഫിയ്യ കായിക മേളകളും ഭംഗിയായി നടക്കുന്നു. ലക്ഷണമൊത്ത വിദ്യാർത്ഥി സമൂഹസൃഷ്ടിക്കു കായികാരോഗ്യവും മാനസികാരോഗ്യവും കൈകോർക്കേണ്ടതുണ്ടെന്ന് സി.ഐ.സി തിരിച്ചറിയുന്നു.



→ Sports highlights



## WSF (വാഫി)

വാഫി കോളേജുകളിലെ വിദ്യാർത്ഥിക ളുടെ സംസ്ഥാനതല കൂട്ടായ്മയാണ് വാഫി സ്റ്റുഡന്റ്സ് ഫെഡറേഷൻ (WSF). സാംസ്കാരിക കലാ കായിക രംഗങ്ങ ളിൽ ഈ സംഘം സജീവമായി പ്രവ ർത്തിക്കുന്നു. വിദ്യാർത്ഥികളുടെ പാഠ്യേ തര പ്രവർത്തനങ്ങൾ ഏകീകരിക്കുക യും പരിപോഷിപ്പിക്കുകയുമാണ് WSF ന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തിൽ സംസ്ഥാനതല കലാ കായിക മത്സരങ്ങ ളും ദേശീയ അന്തർദേശീയ സെമിനാറു കളും മറ്റും WSF നടത്തി വരുന്നു.

## WSF (വഫിയ്യ)

വഫിയ്യ കോളേജുകളിലെ വിദ്യാർത്ഥി നികളുടെ സംസ്ഥാനതല കൂട്ടായ്മയാ ണ് വഫിയ്യ സ്റ്റുഡന്റ്സ് ഫെഡറേഷൻ (WSF). ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഈ യൂണിയൻ നടത്തിവരുന്നു. വഫിയ്യ കലോത്സവങ്ങളും അവയോടനുബന്ധി ച്ചു വനിതാ സമ്മേളനങ്ങളും സെമിനാ റുകളും ഡിബേറ്റുകളും എക്സിബിഷ നുകളും ലിറ്ററേച്ചർ ഫെസ്റ്റുകളും മറ്റും പ്ലാൻ ചെയ്ത് നടപ്പാക്കി വരുന്നു.

## ഓർബിറ്റ്

വാഫി വഫിയ്യ സ്ഥാപന ങ്ങളിലെ വിദ്യാർത്ഥി വി ദ്യാർത്ഥിനികൾ പ്രാദേശി കമായി (ജില്ല, താലൂക്ക്, പഞ്ചായത്ത് അടിസ്ഥാന ത്തിൽ) ഒത്തുകൂടുന്ന വേദിയാണ് ഓർബിറ്റ്. വാഫി വഫിയ്യ കോഴ്സുക ളുടെ പ്രചരണം, അവയുടെ ഭാഗമായ നിർ ബന്ധിത സാമൂഹിക സേവ നങ്ങൾ, വിദ്യാഭ്യാസ പാരി സ്ഥിതിക കാരുണ്യ പ്രവർത്തനങ്ങൾ മുത ലായവ ഓർബിറ്റുകൾ നടത്തിവരുന്നു. ആൺകു ട്ടികളുടെയും പെൺകുട്ടിക ളുടെയും ഓർബി റ്റുകൾ പ്രവർത്തിക്കുന്നുണ്ട്.



## റിസർച്ച് കൗൺസിൽ

വാഫി വഫിയ്യ സ്ഥാപനങ്ങളിലെ ഉസ്താദുമാരുടെ ബൗദ്ധിക കൂട്ടായ്മ യാണ് റിസർച്ച് കൗൺസിൽ. കാലിക പ്രസക്തമായ കർമ്മ ശാസ്ത്ര ചിന്താ വിഷയങ്ങളിൽ ഈ കൗൺസിൽ നട ത്തുന്ന ചർച്ചകളും സംവാദങ്ങളും പണ്ഡിത കേരളത്തിന്റെ സജീവ ശ്രദ്ധ യാകർഷിക്കാറുണ്ട്.

## CRC (Regional Centers)

സി.ഐ.സിയുടെ പ്രവർത്തന വികേ ന്ദ്രീകരണം ലക്ഷ്യമാക്കിയിട്ടുള്ള പ്രാദേ ശിക ഭരണ സംവിധാനമാണ് CRC (Regional Centers)കൾ. സി.ഐ.സി യുടെ വിവിധ പദ്ധതികൾ നടപ്പാക്കുക, അക്കാദമിക് - ഭരണനിർവ്വഹണം സു താര്യവും സുഗമവുമാക്കുക, ശിൽപ ശാലകൾ, നിർബന്ധിത പാരന്റിംഗ്, ഓറിയന്റേഷൻ ക്ലാസ്സുകൾ തുടങ്ങി യവ വ്യവസ്ഥാപിതമായി നടത്തുക മു തലായവ CRC നിർവഹിച്ചു പോരുന്നു.








# അലുംനി



പഠനം പൂർത്തിയാക്കിയ വാഫികൾ ഈജിപ്തിലെ അൽ അസ്ഹർ, കൈറോ സർവകലാശാലകൾ, മലേഷ്യയിലെ ഇന്റർനാഷണൽ ഇസ്ലാമിക് യൂണിവേഴ്സിറ്റി, ഗ്ലോബൽ യൂണിവേഴ്സിറ്റി ഓഫ് ഇസ്‌ലാമിക് ഫിനാൻസ്, ലോകപ്രശസ്തമായ അമേരിക്കയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി, ഹൂസ്റ്റൺ യൂണിവേഴ്സിറ്റി, ഇന്ത്യയിലെ ജെ.എൻ.യു, അലീഗഡ്, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, ജാമിഅഃ മില്ലിയ്യഃ, എച്ച്.സി.യു, മറ്റു കേന്ദ്ര സർവ്വകലാശാലകൾ, ഐ.ഐ.ടി, ഏഷ്യൻ അമേരിക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ മറ്റു പ്രമുഖ വിദ്യാപീഠങ്ങൾ തുടങ്ങിയവയിൽ ഉപരിപഠന - ഗവേഷണങ്ങളിലേർപ്പെടുന്നു. പലരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അധ്യാപന, മാധ്യമ, ബിസിനസ്, നയതന്ത്ര മേഖലകളിൽ സേവനമനുഷ്ഠിക്കുന്നു. വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ നയരൂപീകരണത്തിൽ പങ്കെടുക്കുന്നു. സർക്കാർ സർക്കാറേതര രംഗങ്ങളിൽ വിദ്യാഭ്യാസ കരിക്കുലം, ടെക്സ്റ്റ് ബുക്ക് നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കുന്നു. കേരളത്തിനു പുറത്തും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ശ്രദ്ധേയമായ വിദ്യാഭ്യാസ ജാഗരണ പ്രവർത്തനങ്ങൾ നടത്തുന്നു. അക്കാദമിക് ചിന്താ സാഹിത്യ രംഗങ്ങളിൽ ലോക ശ്രദ്ധ നേടിയ രചനകൾ കാഴ്ച വെക്കാനായവരും കൂട്ടത്തിലുണ്ട്.











കോഴ്സ് പൂർത്തിയാക്കിയ പല വഫിയ്യകളും അമേരിക്ക, യു.കെ, റഷ്യ, ജർമ്മനി, മലേഷ്യ, ഈജിപ്ത്ത് തുടങ്ങിയ രാജ്യങ്ങളിൽ തുടർപഠനവും ഗവേഷണവും നടത്തുന്നു. യൂറോപ്യൻ ഗൾഫ് രാജ്യങ്ങളിൽ മത - ഭൗതിക വിഷയങ്ങളിൽ ഗൈഡൻസ് നൽകുന്നവരും സ്ത്രീ കൂട്ടായ്മകളുടെ കോ ഫൗണ്ടേഴ്സും, സാമൂഹിക സന്നദ്ധ സംഘടനകൾക്ക് നേതൃത്വം നൽകുന്നവരും സ്ത്രീ ശാക്തീകരണ പദ്ധതികൾ നടത്തുന്നവരും അവരുടെ കൂട്ടത്തിലുണ്ട്. ഇന്ത്യയിലും വിദേശത്തും സർക്കാർ സർവീസിൽ സേവനം ചെയ്യുന്നവരും വിവിധ രാജ്യങ്ങളിലെ സ്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ തുടങ്ങിയവയിൽ സേവനം ചെയ്യുന്നവരുമുണ്ട്. കൗൺസിലിംഗ്, ട്രൈനിംഗ് മേഖലയിൽ സേവനം ചെയ്യുന്നവരും പ്രബോധന ചിന്താ രംഗത്ത് ശ്രദ്ധേയ രചനകൾ നടത്തുന്നവരുമുണ്ട്. വാഫികളുടെയും വഫിയ്യകളുടെയും സംസ്ഥാന തല അലുംനി അസോസിയേഷനുകൾ വിദ്യാഭ്യാസ, പ്രബോധന, പ്രസാധക, ട്രൈനിംഗ് രംഗങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.











## അർഹാം അസംബ്ലി

വാഫി വഫിയ്യ കോളേജുകളുടെ ഭരണാധികാരികൾ, വിദ്യാർത്ഥി വിദ്യാർത്ഥിനികൾ, അധ്യാപക അധ്യാപികമാർ, മറ്റു ജീവനക്കാർ, പൂർവ്വ വിദ്യാർത്ഥികൾ, ഇവരുടെയെല്ലാം കുടുംബങ്ങൾ, വാഫി വഫിയ്യയുടെ ഗുണകാംക്ഷികൾ തുടങ്ങിയവർ അടങ്ങുന്ന വിശാലമായ കുടുംബത്തിന്റെ സംഗമമാണ് അർഹാം അസംബ്ലി (കുടുംബ സംഗമം). നിലവിൽ മുപ്പത്തി അയ്യാരിരത്തിൽപരം അംഗങ്ങൾ ഈ കൂട്ടായ്മയിലുണ്ട്. കാളികാവ് കാമ്പസിൽ അർഹാം ഹോസ്റ്റൽ നിർമിച്ചതു ഈ കൂട്ടായ്മയാണ്.



## DAAT (Directorate of Academic Affairs and Training)

കരിക്കുലം ലക്ഷീകരിക്കുന്ന നേട്ടങ്ങൾ ഉറപ്പ് വരുത്താനും അതിന് വേണ്ട ട്രൈനിംഗുകൾ, വർക്ക്ഷോപ്പുകൾ മുതലായവ നടത്താനും DAAT (Directorate of Academic Affairs and Training) പ്രവർത്തിക്കുന്നു. അധ്യാപക അധ്യാപിക ട്രൈനിംഗുകൾ, സെമിനാറുകൾ, ശിൽപ ശാലകൾ, ക്യാമ്പുകൾ, വിദ്യാർത്ഥി വിദ്യാർത്ഥിനി ഓറിയന്റേഷനുകൾ, സിംപോസിയങ്ങൾ, സഹവാസ ക്യാമ്പുകൾ മുതലായവ DAAT ന് കീഴിൽ നടത്തുന്നു. ഈ പ്രോഗ്രാമുകളിൽ അക്കാദമിക രാഷ്ട്രീയ സാമൂഹിക രംഗത്തെ വിദഗ്ധരും ദേശീയ അന്തർദേശീയ പ്രമുഖരും പങ്കെടുക്കുന്നു.

## CODE (സെന്റർ ഫോർ ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ)

വാഫി വഫിയ്യ സംവിധാനങ്ങളുടെ സേവന മണ്ഡലം വികസിപ്പിക്കുന്നതിനു വേണ്ടി വിദൂര വിദ്യാഭ്യാസ ജാലകം പ്രവർത്തിക്കുന്നു. 3 ഫാക്കൽറ്റികളും 6 ഡിപ്പാർട്ട്മെന്റുകളുമായി വഫിയ്യ ഡിസ്റ്റൻസ് പി ജി CODE ന് കീഴിൽ നടന്നുവരുന്നു. പ്രായ ലിംഗ ഭേദമന്യേ എല്ലാവരെയും ലക്ഷ്യം വെക്കുന്നതാണ് CODE പ്രവർത്തനങ്ങൾ. ലൈഫ് സ്കിൽ വികസനം, കുടുംബം, ഇസ്ലാം, അസ്തിത്വം തുടങ്ങിയ പഠനങ്ങൾ ഉൾക്കൊള്ളുന്ന വാഫി ഇസ്ലാമിക ലൈഫ് ഡിപ്ലോമ CODE മുന്നോട്ടു വെക്കുന്നു.




## ബോർഡ് ഓഫ് എക്സലൻസ്

സി.ഐ.സിയുടെ പ്രവർത്തന മണ്ഡലം ഭാവനോന്മുഖമാക്കുന്നതിനും അതിന്റെ ആത്യന്തികത ഉറപ്പുവരുത്തുന്നതിനും ഉയർന്ന സമൂഹത്തിന്റെ ബൗദ്ധിക, ഭൗതിക പിന്തുണ തേടുന്നതിനും വാഫി ബോർഡ് ഓഫ് എക്സലൻസ് പ്രവർത്തിക്കുന്നു. മത, രാഷ്ട്രീയ, നിയമ, മാധ്യമ, വിദ്യാഭ്യാസ, സാംസ്കാരിക, ബിസിനസ് രംഗത്ത് കഴിവ് തെളിയിച്ച പ്രമുഖർ ഈ ബോർഡിൽ അണിനിരക്കുന്നു. പഠിതാക്കളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിലും അറിവുകളുടെ സമന്വയത്തിനു അർത്ഥപൂർണ്ണത വർദ്ധിപ്പിക്കുന്നതിനും ബോർഡിന്റെ സാന്നിധ്യം സഹായിക്കുന്നു.

## WEB (വാഫി എക്സ്പാൻഷൻ ബ്യൂറോ)

വാഫി സ്കൂൾ, വാഫി ഹോസ്റ്റൽ തുടങ്ങിയ പദ്ധതികളിലൂടെ വാഫിയുടെ വിദ്യാഭ്യാസ, സാമൂഹിക പ്രവർത്തന മണ്ഡലം വിപുലപ്പെടുത്താൻ WEB പ്രവർത്തിക്കുന്നു.

## ബോർഡ് ഓഫ് സ്റ്റഡീസ്

വാഫി വഫിയ്യ പാഠ്യപദ്ധതിയും പഠന വിഷയങ്ങളും ആധികാരികവും മൗലികവുമാക്കി നിലനിർത്താൻ വ്യത്യസ്ത വിഷയ മേഖലകളിലായി 18 ബോർഡ് ഓഫ് സ്റ്റഡീസുകൾ പ്രവർത്തിക്കുന്നു. കാലികവും പ്രസക്തവുമായ പഠന വിഷയങ്ങൾ കണ്ടെത്തി അവ ആധികാരികവും മൗലികവുമായ പഠനങ്ങളാക്കി വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ലഭ്യമാക്കുന്ന തികഞ്ഞ അക്കാദമിക ബോഡിയാണ് ബോർഡ് ഓഫ് സ്റ്റഡീസ്.



# ADMISSION GUIDELINES 2024

How to Apply

## യോഗ്യത

എസ്.എസ്.എൽ.സി തുടർപഠനയോഗ്യതയും മദ്റസ (സമസ്ത) ഏഴാം ക്ലാസ്/ തത്തുല്യ വിജയവും നേടിയ 17 വയസ്സ് കവിയാത്ത വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക്, സി.ഐ.സി നടത്തുന്ന ഏകീകൃത പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ വാഫി വഫിയ്യ കോഴ്സുകളിലേക്ക് അഡ്മിഷൻ നൽകുന്നു

## അപേക്ഷ

wafyonline.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി 2024 മെയ് 15 (ബുധൻ) ന് മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 500 രൂപയാണ് അപേക്ഷാ ഫീ. പ്രോസ്പെക്ടസിന്റെ അവസാന ഭാഗത്ത് നൽകിയിട്ടുള്ള കോളേജുകളുടെ പട്ടികയിൽ നിന്നും 2024-25 വർഷത്തിൽ തംഹീദിയ്യ അഡ്മിഷൻ ഉള്ള സ്ഥാപനങ്ങൾ തിരിച്ചറിയുക. അവയിലെ സീറ്റുകളുടെ എണ്ണം, വിഷയം തുടങ്ങിയവ പരിഗണിച്ച് സ്ഥാപനങ്ങൾ മുൻഗണനാക്രമത്തിൽ സെലക്ട് ചെയ്യുക. (സെലക്ട് ചെയ്യാത്ത സ്ഥാപനങ്ങളിലേക്ക് അലോട്ട് ചെയ്യുന്നതല്ല). മെയ് 1 മുതൽ കോളേജ് സെലക്ഷൻ ആരംഭിക്കുന്നതാണ്.

## ഫീസ്

വിദ്യാർത്ഥി വിദ്യാർത്ഥിനികളിൽ നിന്നും യഥാസമയം സി.ഐ.സി നിശ്ചയിക്കുന്ന സംഭാവന (ഫീസ്) മാത്രം സ്ഥാപനങ്ങൾ സ്വീകരിക്കുന്നതാണ്. റസിഡൻഷ്യൽ സ്ഥാപനങ്ങൾ പഠനം, ഭക്ഷണം ഇനത്തിൽ മാസം 3000 രൂപയും, ഡേ കോളേജുകൾ പഠന ഇനത്തിൽ 1500 രൂപയുമാണ് ഇപ്പോൾ സ്വീകരിച്ച് വരുന്നത്. ഗ്രേഡും സ്റ്റാറുകളും നേടുന്ന സ്ഥാപനങ്ങൾക്ക് സി.ഐ.സി ഫീസ് വർദ്ധനവ് അനുവദിക്കുന്നതാണ്. ഇപ്പോൾ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്ന ഫീസ് വിവരങ്ങൾ അവസാന ഭാഗത്ത് നൽകിയ അഫിലിയേറ്റഡ് കോളേജുകളുടെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മെറിറ്റടിസ്ഥാനത്തിൽ തന്നെയാണ് ഫീസ് നൽകേണ്ട സീറ്റുകളിലേക്കും തെരെഞ്ഞെടുക്കപ്പെടുക. സി.ഐ.സി അനുവാദത്തോടെ പ്രസിദ്ധീകരിച്ച ഫീസിനു പുറമെ (സി.ഐ.സി എൻറോൾമെന്റ് ഫീ 2000 രൂപ, കോളേജ് എസ്റ്റാബ്ലിഷ്മെന്റ് ഫീ 2000) മാത്രമേ അഡ്മിഷന്റെ ഭാഗമായി നൽകേണ്ടതുള്ളൂ. മറ്റു യാതൊരു സംഭാവനകളും കാപ്പിറ്റേഷനും ഉണ്ടാകുന്നതല്ല.

## ഫീസിളവ്

20% സീറ്റുകൾ സി.ഐ.സി നിശ്ചയിക്കുന്ന മാനദണ്ഡ പ്രകാരം നിർദ്ധനർക്കു സൗജന്യമായി നൽകുന്നതായിരിക്കും. ഫീസിളവ് ലഭിക്കാൻ നിശ്ചിത ഫോറവും സാക്ഷ്യപത്രവും പൂരിപ്പിച്ച് അലോട്ട്മെന്റ് സമയം ഹാജറാക്കേണ്ടതാണ്. ഓരോ കോളേജിലേക്കും അലോട്ട് ചെയ്യപ്പെടുന്നവരിൽ ഫീസിളവ് ഫോറം സമർപ്പിച്ച 20% പേർക്കായിരിക്കും മെറിറ്റ് ക്രമത്തിൽ ഫീസിളവ് ലഭിക്കുക. ഫീസിളവ് ഫോറം wafyonline.com ലെ ഡൗൺലോഡ്സ് ടാബിൽ ലഭ്യമാണ്.

## വെയ്റ്റേജ്

ഖുർആൻ മുഴുവനും മനഃപാഠമാക്കിയവർക്ക് പ്രവേശന പരീക്ഷയോടൊപ്പം പ്രത്യേകം നടത്തുന്ന ഹിഫ്ള് ടെസ്റ്റിലൂടെ 5 മാർക്ക് വരെ വെയ്റ്റേജ് നൽകുന്നതാണ്. സി.ഐ.സി നിശ്ചയിക്കുന്ന ദൂരപരിധി അടിസ്ഥാനമാക്കി വഫിയ്യ സ്ഥാപനങ്ങളുടെയും ദീനി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിലെ വാഫി കോളേജുകളുടെയും പരിസരനിവാസികൾക്ക് നിശ്ചിത ശതമാനം സീറ്റുകളിലേക്ക് പ്രാദേശിക വെയ്റ്റേജ് മാർക്ക് നൽകുന്നതാണ്.



## എൻട്രൻസ് പരീക്ഷ

എൻട്രൻസ് പരീക്ഷയിലെ മാർക്കും സ്കൂൾ പത്താം ക്ലാസിലെ മാർക്കും അടിസ്ഥാനമാക്കിയായിരിക്കും പ്രവേശനം. എൻട്രൻസ് പരീക്ഷക്ക് പരമാവധി 100 മാർക്കും സ്കൂൾ പത്താം തരം പരീക്ഷക്കു 100 മാർക്കും ഉൾപ്പെടെ ആകെ 200 മാർക്കിലായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുക. സ്കൂൾ പത്താം ക്ലാസ് പരീക്ഷയിൽ വിദ്യാർത്ഥി നേടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ എൻട്രൻസ് ബോർഡ് തയ്യാറാക്കുന്ന മാനദണ്ഡ പ്രകാരം പരമാവധി 100 മാർക്ക് വെയ്റ്റേജ് നൽകും.

→ Old Questions

### പരീക്ഷ ചോദ്യ ഘടന

- ആകെ മാർക്ക്: 100
- ആകെ ചോദ്യങ്ങൾ: 50
- ഒരോ ചോദ്യത്തിനും രണ്ട് മാർക്ക് വീതം.

### പരീക്ഷാ സിലബസ്

- Reasoning, Decision Making, Problem Solving
- Analytical Reasoning
- Social intelligence
- General Mental Ability
- Wafy -Wafiyya course Awareness
- Madrassa 7th Class

## ഓൺലൈൻ പരീക്ഷ

പരീക്ഷ സെന്ററിൽ വെച്ച്, WafyX ആപ്പ് മുഖേന ഓൺലൈനായിട്ടായിരിക്കും പരീക്ഷ നടക്കുക. WafyX App ലോഗിൻ ചെയ്യാനുള്ള യൂസർ നെയിം, പാസ്സ്‌വേർഡ് എന്നിവ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് പരീക്ഷയുടെ രണ്ട് ദിവസം മുമ്പ് SMS ആയി ലഭിക്കുന്നതാണ്. ഡിജിറ്റൽ അച്ചടക്കം പാലിക്കാൻ പരീക്ഷാർത്ഥി ബാധ്യസ്ഥനാണ്. പ്രവേശന പരീക്ഷയിൽ എന്തെങ്കിലും കൃത്രിമം ബോധ്യപ്പെട്ടാൽ പ്രവേശനത്തിന് ഒരു നിലക്കും അർഹതയുണ്ടായിരിക്കുന്നതല്ല. ഓൺലൈൻ പരീക്ഷക്കായി പരീക്ഷാ സമയം കഴിയുന്നത് വരെ നെറ്റ് കണക്ഷൻ, ചാർജ് എന്നിവയുള്ള മൊബൈൽ/ ടാബ് വിദ്യാർത്ഥി കൊണ്ടുവരേണ്ടതാണ്.

## അലോട്ട്മെന്റ് & അഡ്മിഷൻ

